സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: വ്യത്യസ്ത റേറ് ഈടാക്കിയിട്ടില്ലെന്ന ഗവൺമെണ്ടിന് അറിയാമൊ?

ശ്രീ. ടി. കെ. നാരായണപിള്ള: വ്യത്യസ്ത റേറ് പിരിക്കുന്നവരുടെ മേൽ ഗവൺമെണ്ട് നടപടി എടുത്തിട്ടുണ്ട്.

ശ്രീ. ഈപ്പൻ ജോൺ: വ്യത്യസ്ത റേറ് പിരിക്കുന്ന ബസ്സിന്റെ പേരിൽ ശിക്ഷാനടപടി എടുക്കുന്നതാണെന്ന ഗവൺമെണ്ട് പ്രസ്സ്നോട്ട് പുറപ്പെടുവിച്ചിട്ടുണ്ടൊ?

ശ്രീ. ടി. കെ. നാരായണപിള്ള: മോട്ടോർ വെഹിക്കിൾസ് ആക്ടിൽ അതിന് ചില വ്യവസ്ഥകൾ ഉണ്ട്. ആ വ്യവസ്ഥകൾ അനുസരിച്ച് നടപടി എടുക്കും.

ബസ്സ് ചാർജ്ജ്

* ഫാ. വ്യ. (ഒ) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) മദ്രാസിലും, മൈസൂറിലും മറ്റും സാധാരണ സ്റ്റേറ് ട്രാൻസ്പോർട്ട് ബസ്സുകളിലേയും എക്സ്പ്രസ്സ് ബസ്സുകളിലേയും ചാർജ്ജ് ഒരു മൈലിന് എന്താണെന്നറിയാമോ;

(ബി) ഇവിടത്തെ ട്രാൻസ്പോർട്ട് ചാർജ്ജ് അതിൽനിന്ന വ്യത്യസ്തമാണോ;

(സി) അണെങ്കിൽ അങ്ങനെ വ്യത്യസ്തമാകാൻ കാരണമെന്ത്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) മദ്രാസിലെ സിറ്റി സർവ്വീസിൽ ആദ്യത്തെ ഒരു മൈലിനു ശേഷം പിന്നീടുള്ള ഓരോ മൈലിനും ആറ് പൈവീതവുമാണ് ചാർജ്ജ്. മൈസൂറിലെ ചാർജ്ജ് നിരക്കിനെ സംബന്ധിച്ച് ഇപ്പോൾ അറിവില്ല.

(ബി) ഇവിടത്തെ സിറ്റി സർവ്വീസിൽ ഏഴ പൈയും സാധാരണ സർവ്വീസിൽ ആറ പൈയും എക്സ്പ്രസ്സിൽ ഒമ്പതു പൈയും ആണ് ഒരു മൈലിനുള്ളതു.

(സി) ഇവിടെയുള്ള സാമ്പത്തിക നിലയെ പരിഗണിച്ചാട്ടാണ് റേറ് നിശ്ചയിച്ചിട്ടുള്ളതു. മദ്രാസിൽ എത്ര പരിഗണനയിലാണെന്ന അറിഞ്ഞുകൂടാ. അതുകൊണ്ട് രണ്ടിടത്തമ്മിലുള്ള വ്യത്യാസത്തിന്റെ കാരണവും വ്യക്തമല്ല

പഞ്ചായത്ത് തിരഞ്ഞെടുപ്പ്

* ഫാ. (ന) ശ്രീമതി ദേവകീഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട എക്സൈസു വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഗ്രാമപ്പഞ്ചായത്ത് തെരഞ്ഞെടുപ്പ് എന്ന നടത്തണമെന്നാണ് ഗവൺമെണ്ട് ഉദ്ദേശിക്കുന്നതു;

(ബി) സമ്മതിദായകരുടെ ലിസ്റ്റ് പുതിയായാലുടനെ ഗ്രാമപ്പഞ്ചായത്തുകളിലേക്കുള്ള തെരഞ്ഞെടുപ്പ് നടത്തുന്നതാണെന്ന് ഗവൺമെണ്ട് പ്രസ്താവിച്ചിട്ടുണ്ടോ;

(സി) ലിസ്റ്റ് എന്നത്തേക്ക് പുതിയാകും?

LIBRARY ARCHIVES Kerala Legislative Assembly